പതിമൂന്നാം കേരള നിയമസഭ
അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നംപർ. 4360

28.6.2012-ൽ
മറുപടിക്ക്

## റവന്യൂ - വനം വകുപ്പുകളുടെ നേതൃത്വത്തിൽ സംയുക്ത പരിശോധന

ചോദ്യം
ശ്രീ.എം.വി.ശ്രേയാംസ് കുമാർ:

ഉത്തരം
ശ്രീ.അടൂർ പ്രകാശ്
(റവന്യൂവും കയറും വകുപ്പു മന്ത്രി)

| | |
|---|---|
| (എ) മുപ്പൈനാട് പഞ്ചായത്തിലെ കടച്ചിക്കുന്ന് പ്രദേശത്തെ റവന്യൂ-വനം വകുപ്പുകളുടെ നേതൃത്വത്തിലുള്ള ജോയിന്റ് വെരിഫിക്കേഷന്റെ പുരോഗതി - വിശദമാക്കുമോ; | (എ) സംയുക്ത പരിശോധനയ്ക്കായി ലഭിച്ചിട്ടുള്ള 402 അപേക്ഷകളിൽ 350 അപേക്ഷകളിൽ ഫീൽഡ് പരിശോധന പൂർത്തിയായിട്ടുണ്ട്. ബാക്കിയുള്ള 52 അപേക്ഷകളുമായി ബന്ധപ്പെട്ട സംയുക്ത പരിശോധന ഉടനെ പൂർത്തിയാക്കുന്നതാണ്. മറ്റ് ജോലികൾ അവസാന ഘട്ടത്തിലാണ്. |
| (ബി) പ്രസ്തുത ജോയിന്റ് വെരിഫിക്കേഷൻ ആരംഭിച്ചതെന്നാണെന്ന് വെളിപ്പെടുത്തുമോ; | (ബി) ജോയിന്റ് വെരിഫിക്കേഷൻ 2012 ഏപ്രിൽ മാസം 23-ന് ആരംഭിച്ചു. |
| (സി) ജോയിന്റ് വെരിഫിക്കേഷൻ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കുമോ ? | (സി) വൈത്തിരി താലൂക്കിലെ അഡീഷണൽ തഹസീൽദാരുടെ നേതൃത്വത്തിൽ വനം-റവന്യൂ-സർവ്വെ വകുപ്പുകളിലെ ഉദ്യോഗസ്ഥരുടെ ഒരു സംയുക്ത ടീം രൂപീകരിച്ച് പ്രവർത്തനം സമയ ബന്ധിതമായി പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ